**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4354** **01-07-2024 - ൽ മറുപടിയ്ക്ക്**

**കോവിഡ് ചികിത്സാ കേന്ദ്രത്തിന് നൽകാനുള്ള പണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ലിന്റോ ജോസഫ് | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കോവിഡ് ഫസ്റ്റ് ലൈൻ ചികിത്സാ കേന്ദ്രമായിരുന്ന മുക്കം കെ.എം.സി.റ്റി. മെഡിക്കൽ കോളേജിൽ രോഗികൾക്ക് ഭക്ഷണം വിതരണം ചെയ്ത വകയിൽ മുക്കം നഗരസഭ സി.ഡി.എസ്.-ന് ഇനി എത്ര തുക നൽകാനുണ്ടെന്ന് വിശദമാക്കുമോ; | (എ) | മുക്കം നഗരസഭയിലെ കോവിഡ് ഫസ്റ്റ് ലൈൻ ട്രീറ്റ്മെന്റ് സെൻററായ കെ.എം.സി.റ്റി കോവിഡ് ആശുപത്രിയിൽ കോവിഡ് രോഗികൾക്ക് ഭക്ഷണം നൽകിയ ഇനത്തിലുള്ള തുക പൂർണ്ണമായും അനുവദിച്ചിട്ടുണ്ട്. എന്നാൽ രോഗികളോടൊപ്പം കൂട്ടിരിപ്പുകാരായി ഉണ്ടായിരുന്നവർക്കും ഭക്ഷണം നൽകിയ ഇനത്തിൽ തുക അനുവദിക്കണമെന്ന് ആവശ്യപ്പെട്ട് അപേക്ഷ ജില്ലാകളക്ടർക്ക് ലഭ്യമാകുകയും ഇത് SDRF ഫണ്ടിൽനിന്നും നിലവിലുള്ള മാനദണ്ഡ പ്രകാരം അനുവദിക്കാൻ സാധിക്കില്ലെന്ന വിവരം അപേക്ഷകരെ അറിയിച്ചിട്ടുള്ളതുമാണ്. |
| (ബി) | പണം അനുവദിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് കോഴിക്കോട് ജില്ലാ ഭരണകൂടം നൽകിയ അപേക്ഷ ധനകാര്യ വകുപ്പിൽ ലഭ്യമായിട്ടുണ്ടോ; വ്യക്തമാക്കുമോ; | (ബി) | പണം അനുവദിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് കോഴിക്കോട് ജില്ലാ ഭരണകൂടം ധനകാര്യ വകുപ്പിൽ അപേക്ഷ സമർപ്പിച്ചിട്ടില്ല. |
| (സി) | എങ്കിൽ ഫയലിന്റെ നിലവിലുള്ള അവസ്ഥ വ്യക്തമാക്കുമോ; | (സി) | ബാധകമല്ല |
| (ഡി) | പണം അനുവദിക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോയെന്ന് അറിയിക്കുമോ? | (ഡി) | ബാധകമല്ല |

സെക്ഷൻ ഓഫീസർ